കേരള സാഹിത്യ അക്കാദമി
തൃശൂർ
06.02.2018

<u>പത്രക്കുറിപ്പ്</u>

# ദേശീയപുസ്തകോത്സവത്തിൽ തിരക്കേറുന്നു

തൃശൂർ : സർഗാത്മകതയും തത്ത്വജ്ഞാനവും ചരിത്രബോധവും ശാസ്ത്രവും സംഗീതവുമെല്ലാം നിറയുന്ന പുസ്തകങ്ങൾകൊണ്ട് സമ്പന്നമാണ് കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവം. മലയാളിയുടെ സാംസ്കാരികജീവിതത്തേയും കലാസ്വാദനത്തേയും നൂതനമായൊരു പാതയിലൂടെ കൂടുതൽ ചലനാത്മകമാക്കാൻ സഹായിക്കുന്ന ദേശീയപുസ്തകോത്സവവേദിയിലേക്കും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിലേക്കും ജനത്തിരക്കേറുകയാണ്.

സ്വെറ്റ്‌ലാന അലക്സിവിച്ചിന്റെ യുദ്ധഭൂമിയിലെ സ്ത്രീപോരാളികൾ, ക്ലാവ് പിടിച്ച കാലം തുടങ്ങിയ പരിഭാഷാകൃതികൾക്ക് വായനക്കാരേറെ. തോക്കേന്തിയ റഷ്യൻ പെൺമനസ്സുകളുടെ തീവ്ര നൊമ്പരം രേഖപ്പെടുത്തുകയും സോവിയറ്റ് യുഗത്തിന്റെ അസ്തമയത്തെക്കുറിച്ച് വൈകാരികമായി എഴുതപ്പെടുകയും ചെയ്ത രചനകളാണിത്.

പാട്ടുകളും പാട്ടുകാലത്തെക്കുറിച്ചുള്ള സ്പന്ദിക്കുന്ന ഓർമകളുമായി മനസ്സിനെ സ്പർശിക്കുന്ന ഒഎൻവിയുടെ അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ, പെൺമനോജീവിതത്തിന്റെ തുറന്നെഴുത്തായ മാധവിക്കുട്ടിയുടെ സമ്പൂർണകഥകൾ, ബെന്യാമിന്റെ മാന്തളിരിലെ ഇരുപത് കമ്യൂണിസ്റ്റ് വർഷങ്ങൾ, പത്മനാഭന്റെ കഥകൾ, തകഴിയുടെ തെരഞ്ഞെടുത്ത കഥകൾ, വയലാർ കൃതികൾ, പി.ജെ.ആന്റണിയുടെ സമ്പൂർണകൃതികൾ എന്നിവയും നിരവധി പേർ തേടിയെത്തുന്നു.

സംസ്ഥാന പുരാരേഖാവകുപ്പ് പ്രസിദ്ധീകരിച്ച സ്വാതന്ത്ര്യസമരസേനാനികളുടെ നിരോധിക്കപ്പെട്ട കൃതികൾ, സ്വാതന്ത്ര്യസമരഭടന്മാരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ, ശക്തൻതമ്പുരാന്റെ തെരഞ്ഞെടുത്ത ഭരണരേഖകൾ എന്നിവയും ശ്രദ്ധേയങ്ങളാണ്.

മതാതീത ആത്മീയത, ജീവസ്പന്ദനം തൊട്ടറിയുന്ന ആത്മകഥകൾ, ജീവചരിത്രങ്ങൾ, സംസ്കാരപഠനം, മലയാളത്തനിമ നിറയുന്ന കാവ്യസമാഹാരങ്ങൾ, സഞ്ചാരസാഹിത്യം തുടങ്ങി വിവിധ മേഖലകളിലുള്ള ഗ്രന്ഥങ്ങൾ പുസ്തകോത്സവത്തിന് സവിശേഷത പകരുന്നു.

കപടസദാചാരത്തെ തള്ളിക്കളയുകയും സത്യസന്ധമായി തുറന്നെഴുതുകയും ചെയ്യുന്ന തസ്ലീമ നസ്രീന്റെ ആത്മകഥാപുസ്തകങ്ങളായ എന്റെ പെൺകുട്ടിക്കാലം, യൗവനത്തിന്റെ മുറിവുകൾ എന്നിവ പലരും തേടിയെത്തുന്നത് പുതിയ സാമൂഹികചലനങ്ങളുടെ സൂചികയായി കാണാം. തസ്ലീമയുടെ ലജ്ജ, വീണ്ടും ലജ്ജിക്കുന്നു, അന്തസ്സുള്ള നുണകൾ എന്നീ രചനകളും പ്രചാരമേറിയവയാണ്.

സമൂഹം, മതം, കുടുംബം, വിവാഹം, സ്ത്രീബന്ധങ്ങൾ എന്നിവയെല്ലാം തുറന്നെഴുതുന്ന ഓഷോയുടെ സ്ത്രീ, ഒരുന്മാദിയുടെ കുറിപ്പുകൾ, പുരുഷൻ, ഒരു കപ്പ് ചായ തുടങ്ങിയ വിവിധ കൃതികളും വായനക്കാരെ ആകർഷിക്കുന്നു.

മലയാളിയുടെ സാംസ്കാരികബോധത്തേയും ചരിത്രവീക്ഷണത്തേയും പൈതൃകപ്പെരുമയേയും അടുത്തറിയുന്ന ഡോ.എസ്.കെ.വസന്തന്റെ കേരളസംസ്കാരചരിത്രനിഘണ്ടു വൈജ്ഞാനികലോകത്തിന് മുതൽക്കൂട്ടാണ്. ഡോ.എം.വി.വിഷ്ണുനമ്പൂതിരിയുടെ നാടൻഭാഷാനിഘണ്ടുവും ശ്രദ്ധേയം. വാമൊഴികളിൽനിന്നും വരമൊഴികളിൽനിന്നും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻമലയാളപദങ്ങളുടെ കലവറയായ നിഘണ്ടു തേടി നിരവധി പേരെത്തുന്നു.

നെഹ്രുവിന്റെ ഇന്ത്യയെ കണ്ടെത്തൽ, വാഗ്ഭടാനന്ദന്റെ സമ്പൂർണകൃതികൾ, ആർബർട്ട് ഐൻസ്റ്റൈന്റെ ജീവിതവും ശാസ്ത്രവും ദർശനവും പ്രതിപാദിക്കുന്ന ഡോ.ജോർജ് വർഗീസിന്റെ രചന, ചരിത്രത്തെ കെട്ടുകഥകളിൽനിന്നും മോചിപ്പിക്കുന്ന പി.ഭാസ്കരനുണ്ണിയുടെ പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, പി.ഗോവിന്ദപ്പിള്ളയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, ശാസ്ത്രപ്രചാരകനായ സി.രവിചന്ദ്രന്റെ നാസ്തികനായ ദൈവം, പകിട 13, വെളിച്ചപ്പാടിന്റെ ഭാര്യ, എസ്.ജാനകിയുടെ ആത്മ കഥയായ ആലാപനത്തിന്റെ തേനും വയമ്പും, ചാപ്ലിന്റെ എന്റെ ആത്മകഥ, എം.മുകുന്ദന്റെ കുട നന്നാക്കുന്ന ചോയി, കെ.പി.രാമനുണ്ണിയുടെ ദൈവത്തിന്റെ പുസ്തകം തുടങ്ങിയവയും വായനക്കാരെ ആകർഷിക്കുന്നു.

എഴുത്തരങ്ങ് സാംസ്കാരികോത്സവത്തോടനുബന്ധിച്ച് ദിവസവും നടക്കുന്ന സെമിനാറുകൾ, അനുസ്മരണങ്ങൾ, കലാസാഹിത്യമത്സരങ്ങൾ, ഗസൽ, നാടോടിഗാനങ്ങൾ, നാടകം, നൃത്തം, സാംസ്കാരികപ്രദർശനം എന്നിവയും ആയിരങ്ങളെ ആകർഷിക്കുന്നു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

## ഇന്നത്തെ പരിപാടി (07.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ 10ന് കവിതാരചന, 10.30ന് കാവ്യകേളി, 2ന് വൈലോപ്പിള്ളി ഹാളിൽ 'വൈലോപ്പിള്ളി ഒരു കാവ്യജീവിതം' ഡോക്യുമെന്ററി പ്രദർശനം, സംവിധായകനുമായി അഭിമുഖം, 3ന് സമതയുടെ 'മഴയും മഞ്ഞും' പുസ്തകപ്രകാശനം, 4.30ന് സെമിനാർ 'ആരോഗ്യസംസ്കാരവും എഴുത്തും' ഉദ്ഘാടനം ഡോ.ബി.ഇക്ബാൽ. 6.30ന് തൃശൂർ തൈവമക്കളുടെ നാടൻകലാവതരണം.